"ഭരണഭാഷ - മാതൃഭാഷ"

# . വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

**<u>വളരെ അത്യാവശ്യം</u>**

നമ്പർ: ജി2/26358/2016

ചാക്ക, തിരുവനന്തപുരം
തീയതി: 24.12.2016

*<u>ചുറ്ററിയിപ്പ്</u>*

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജൂലൈ 2016 ൽ നടത്തിയ അഖിലേന്ത്യാ സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുത്ത് വിജയിച്ച ട്രെയിനികളിൽ നിന്ന് 15 വിവിധ ട്രേഡുകളിൽ സംസ്ഥാനതല സ്കിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് - ട്രെയിനികളെ തിരഞ്ഞെടുക്കുന്നത് അപാകത പരിഹരിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 16-12-2016 ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

-----------

സൂചന ചുറ്ററിയിപ്പിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ആയത് പ്രകാരം ജൂലൈ 2016 ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനികളുടെ വിവരം 27-12-2016 ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിരുന്നു.

E/Mech., COPA, Welder (G&E), I/Mech., R &AC Mechanic, Foundryman, D/Civil, D/Mech., Fitter, Turner, MMV, Machinist, Mechanic Diesel, Electrician, Cutting & Sewing ഡി.ജി.റ്റി നിഷ്കർഷിച്ചിട്ടുള്ള ടി 15 ട്രേഡുകൾക്കാണ് സ്കിൽ പരീക്ഷ നടത്തി വരുന്നത്.

എന്നാൽ സൂചന പ്രകാരം അറിയിച്ചിരുന്ന Wireman, Plumber, SMW എന്നീ ട്രേഡുകൾക്ക് സ്കിൽ പരീക്ഷ നടത്താറില്ല. ആയതിനാൽ ടി ട്രേഡുകളെ ഒഴിവാക്കി പകരം മുകളിൽ പരാമർശിച്ചിരിക്കുന്ന 15 ട്രേഡുകളിൽ പരിശീലനം നൽകുന്ന ഐ.ടി.ഐ. കളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച ട്രെയിനികളുടെ വിവരം 30-12-2016 തീയതിയ്ക്കു മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

എസ്സ്/26.12